**weekly Devotion - July 2018**

# Grateful Heart (നന്ദിയുള്ള ഹൃദയം)



അമേരിക്കൻ പ്രസിഡന്റായിരുന്ന ബിൽക്ലിന്റൺ ഇന്ത്യ സന്ദർശിച്ചപ്പോൾ അന്ന് പത്രങ്ങൾ പ്രസിദ്ധീകരിച്ച വാർത്തകൾക്കിടയിൽ ഏറ്റവും കൂടുതൽ ചർച്ചയായ ഒരു വിഷയമുണ്ടായിരുന്നു. ജയ്പ്പൂരിലെ ഒരു സമ്മേളനത്തിൽ അദ്ദേഹത്തിന് ലഭിച്ച ഒരു കുറിപ്പിനെപ്പറ്റി ആയിരുന്നു ആ ചർച്ച. ചാബ്റ എന്ന സ്ത്രീ ആയിരുന്നു ആ കുറിപ്പ് അദ്ദേഹത്തിന്, നൽകിയത് "ഇന്ത്യാ - അമേരിക്ക സുഹൃദ്ബന്ധം" നില നിൽക്കട്ടെ. അങ്ങയെ ദൈവം അനുഗ്രഹിക്കട്ടെ എന്നായിരുന്നു അതിൽ രേഖപ്പെടുത്തിയിരുന്നത്. വിസ്മയിപ്പിക്കുന്ന സമ്മാനം എന്ന് വിശേഷിപ്പിച്ചുകൊണ്ട് ആ കത്തിനുള്ള നന്ദി ഉടൻതന്നെ സ്വന്തം കൈപ്പടയിൽ എഴുതി അവർക്ക് നൽകുകയും ചെയ്തു. തിരക്കേറിയ ജീവിതമെന്ന പേരിൽ പലരും മറക്കുന്ന കാര്യമാണ് നന്ദി എന്നത്. എന്നാൽ ക്ലിന്റൺ എന്ന വലിയ മനുഷ്യൻ ചെയ്തതുപോലെ നമ്മുക്കും ഒരു നന്ദി പറയുകയോ, അഭിനന്ദനം പറയുകയോ ചെയ്യുവാൻ കഴിഞ്ഞാൽ അത് ഒരു വലിയ കാര്യമാണ്.

"Grateful heart means a heart that shows gratitude"

ലൂക്കോ :17:11-19 വരെയുള്ള ഭാഗം പഠിച്ചാൽ യേശുവിന്റെ വാക്കനുസരിച്ച് പുരോഹിതന് തങ്ങളെ കാട്ടിക്കൊടുക്കുവാൻ പോയ പത്ത് കുഷ്ഠരോഗികൾ പോകയിൽ തന്നെ സൗഖ്യമുള്ളവരായി. എന്നാൽ അവരിൽ ഒരാൾ (ശമര്യൻ) മാത്രം മടങ്ങി വന്ന് അവന്റെ കാല്ക്കൽ കവിണ്ണുവീണു എന്ന് കാണാം ഉച്ചത്തിലവൻ ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു.

"He fell down on his face at His feet giving him thanks" (king James version)

സ്വയചിന്തയും നന്ദിയില്ലായ്മയും നിറഞ്ഞഹൃദയത്തിനുടമകളായ അവർ, തങ്ങൾക്കർഹമായതു ലഭിച്ചതായി കരുതി. യേശുവിന്റെ ബാദ്ധ്യതയാണ് അവരുടെ ആരോഗ്യം എന്നായിരുന്നു അവരുടെ ചിന്ത എന്നാൽ മടങ്ങി വന്ന ശമര്യൻ കൃപയാൽ ലഭിച്ച തന്റെ സൗഖ്യം ദൈവത്തിന്റെ ദാനം എന്ന ചിന്തയാൽ നന്ദി പറയുക എന്ന ഉത്തരവാദിത്തം നിറവേറ്റുവാനാണ് മടങ്ങി വന്നത്.

ദൈവത്തിൽ നിന്ന് സ്നേഹം, കൃപ, രക്ഷ മുതലായ ആത്മീയവും, ഭൗതീകവുമായ അനുഗ്രഹങ്ങൾ സ്വീകരിക്കുന്ന നമുക്ക് എങ്ങനെ അവനെ സ്തുതിക്കാതിരിപ്പാൻ കഴിയും. അർഹിക്കാത്ത നന്മകൾ പ്രാപിക്കുന്ന നന്മകളും, അത്ഭുതങ്ങളും ചെയ്തു തരുന്ന യഹോവയുടെ പ്രവർത്തികളെ മറ്റാരുമായും താരതമ്യം ചെയ്യുവാൻ കഴിയുകയില്ല.

**നന്ദിയുള്ള ഹൃദയത്തിന്റെ പ്രത്യേകതകൾ**

1. 1തെസ്സ: 5:16-18) ഇടവിടാതെ പ്രാർത്ഥിച്ച് എല്ലാറ്റിനുവേണ്ടിയും എപ്പോഴും സ്തോത്രം ചെയ്യുക എന്നത് നന്ദിയുള്ള, ഹൃദയത്തിന്റെ പ്രത്യേകതയാണ്
2. വിവിധ പരീക്ഷകൾ വിശ്വാസത്തിന്റെ പരിശോധനയായി കണ്ട് നന്ദി പറയുന്നവരാണ് ഇവർ (യാക്കോ :1:2-3)

3. നന്ദിയുള്ള ഹൃദയത്തിനുടമകൾക്ക് ഇത്ര വലിയ രക്ഷ തന്നവനെ സ്തുതിക്കാതിരിപ്പാൻ കഴിയുകയില്ല. സ്തുതിപ്പ് നന്ദിയുള്ള ഹൃദയത്തിന്റെ സ്വഭാവിക ബഹിർസ്പുരണമാണ്. Read 2കൊരി (9:15)

4. പ്രകൃതി ദൈവത്തിന് നന്ദി കരേറ്റുമ്പോൾ നമുക്കു തന്ന പ്രകൃതിയ്ക്കും, ലഭിച്ച കാഴ്ച, ശ്വാസോച്ഛ്വാസ ത്തിനുള്ള കഴിവ് എല്ലാറ്റിനും നന്ദികരേറ്റുന്നവർ നന്ദിനിറഞ്ഞ ഹൃദയത്തിനുടമകളാണ്.

പ്രിയരേ! നന്ദി എന്നുള്ളുത് ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്ന് വരേണ്ടന്നതാണ്. സ്തോത്രഗാനമായി അത് പുറപ്പെടുമ്പോൾ സ്വർഗ്ഗം കേട്ട് സന്തോഷിക്കുന്നു. അതേ! എണ്ണമില്ലാത്ത നന്മകൾ തമ്മിൽ ചൊരി യുന്ന ദൈവത്തിന് നന്ദി കരേറ്റാം.

*Santhamma Varghese*

*Website: www.biblestudy.co.in*

*Email: biblestudy.co.in@gmail.com*

*Facebook: https://www.facebook.com/biblestudyind*